പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## ദീൻ ദയാൽ ഉപാദ്ധ്യായ അന്ത്യോദയ യോജന (ദേശീയ ഗ്രാമീണ ഉപജീവൻ മിഷൻ)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1358 — 06-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.മുരളീധരൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ദീൻ ദയാൽ ഉപാദ്ധ്യായ അന്ത്യോദയ യോജന മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണ്; വിശദമാക്കുമോ ; | (എ) | ദീൻദയാൽ അന്ത്യോദയ യോജന - നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ എന്ന പദ്ധതിയുടെ സംസ്ഥാന നിർവ്വഹണ ഏജൻസി കുടുംബശ്രീയാണ്. പാവപ്പെട്ട സ്ത്രീകളെ കണ്ടെത്തി അവരുടെ സാമൂഹിക സംഘടനകൾ സ്ഥാപിച്ച് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനു വേണ്ട നടപടികൾ സ്വീകരിക്കുകയാണ് കുടുംബശ്രീ എൻ.ആർ. എൽ.എം പദ്ധതിയിലൂടെ ചെയ്യുന്നത്. താഴെപ്പറയുന്ന നാല് തരം പ്രവർത്തനങ്ങളാണ് എൻ.ആർ.എൽ.എം പദ്ധതിയിൽ നടപ്പിലാക്കുന്നത്.<br><br>• **സാമൂഹികസംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ:** വിവിധ പരിശീലന പരിപാടികൾ അയൽക്കൂട്ടം /എ.ഡി.എസ്/സിഡിഎസ് ഭാരവാഹികൾക്കും അംഗങ്ങൾക്കുമായി ആവിഷ്ക്കരിച്ച് സംഘടനാ സംവിധാനം ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br><br>• **സാമ്പത്തിക ഉൾപ്പെടുത്തൽ:** വീട്ടുമുറ്റത്തെ ബാങ്ക് എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങളുടെ വിവിധ സാമ്പത്തിക ആവശ്യങ്ങൾക്ക് സാമൂഹ്യസംവിധാനത്തിൽ നിന്നുതന്നെ പരിഹാരം കണ്ടെത്തുവാൻ സംഘടനയെ ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി അയൽ |

| | | | |
|---|---|---|---|
| | | | ക്കൂട്ടങ്ങൾക്കും എ.ഡി.എസിനും റിവോൾവിംഗ് ഫണ്ട്, വൾനറബിലിറ്റി ഫണ്ട് തുടങ്ങിയ ഫണ്ടുകൾ നൽകുന്നു.<br><br>• **ഉപജീവന വികസനം:** കാർഷിക-കാർഷികേതര മേഖലകളിൽ സംരംഭകർക്ക് പരിശീലനവും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കുറഞ്ഞ നിരക്കിൽ സാമൂഹികസംവിധാനത്തിൽ നിന്നു തന്നെ ലഘു വായ്പയുമാണ് ഉപജീവന വികസനത്തിന്റെ ഭാഗമായി അംഗങ്ങൾക്ക് നൽകുന്നത്.<br>• **സാമൂഹ്യഉൾപ്പെടുത്തൽ:** സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന വ്യക്തികളെയും കുടുംബങ്ങളെയും ക ണ്ടെത്തി കുടുംബശ്രീ സാമൂഹിക സംവിധാനത്തിലേക്ക് കൊണ്ടു വരികയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പ്രധാനമായും ദാരിദ്ര്യം ഏറ്റവും അധികം അനുഭവപ്പെടുന്ന സ്ഥലങ്ങൾ ക ണ്ടെത്തി പ്രസ്തുത പഞ്ചായത്തിന്റെയോ ബ്ലോക്കിന്റേയോ വികസനം (ഉദാ:-അട്ടപ്പാടി, ആറളം ഫാം) ഇതിലൂടെ നടപ്പിലാക്കുന്നു. പട്ടികവർഗ്ഗക്കാർ, അംഗവൈകല്യമുള്ളവർ, മുതിർന്നവർ, ഭിന്നലിംഗക്കാർ തുടങ്ങിയവരുടെ ഇടയിലുള്ള പ്രവർത്തനവും എൻ.ആർ.എൽ.എം.ന്റെ ഭാഗമായി ചെയ്തു വരുന്നു. |
| (ബി) | ഈ പദ്ധതിക്കായി 2017-18 ൽ കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചു എന്ന് അറിയിക്കുമോ; | (ബി) | 2017-18 ൽ 42.22കോടിരൂപയാണ് കേന്ദ്രസർക്കാരിൽ നിന്ന് എൻ.ആർ.എൽ.എം പദ്ധതിക്കായി ലഭിച്ചത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ ഉപഘട കങ്ങൾ ഏതൊക്കെയാണ്; ഇതിലൂടെ എത്ര പേർക്ക് 2017-18 ൽ സാമ്പത്തിക സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | സാമൂഹിക സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ (Institution and Capacity Building), സാമ്പത്തിക ഉൾപ്പെടുത്തൽ (Financial Inclusion), സാമൂഹ്യ ഉൾപ്പെടുത്തൽ (Social Inclusion), ഉപജീവന വികസനം (Livelihoods) എന്നിവയാണ് ഈ പദ്ധതിയുടെ ഉപഘടകങ്ങൾ.<br>അയൽക്കൂട്ട അംഗങ്ങൾ മുതൽ പഞ്ചായത്ത് ഭാരവാഹികൾ വരെയുള്ളവർക്ക് പരിശീലനം നൽകി സംഘടനാ സംവിധാനം ശക്തിപ്പെടുത്തുക, സാമ്പത്തിക സാക്ഷരതാ കാമ്പയിൻ സംഘടിപ്പിച്ച് ബാങ്ക് ലിങ്കേജ് ശക്തമാക്കുക, കുടുംബശ്രീ അംഗങ്ങളുടെ സംരംഭക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകുക, പിന്നാക്കം നിൽകുന്ന പ്രദേശങ്ങൾക്കും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും പ്രത്യേക ഊന്നൽ നൽകി ശാക്തീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നേരിട്ടുള്ള സാമ്പത്തിക സഹാത്തിനുപരിയായി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ മുഖേന നടത്തിവരുന്നത്. ഈ സാമ്പത്തിക വർഷം ഒന്നേകാൽ ലക്ഷത്തോളം അയൽക്കൂട്ട അംഗങ്ങൾക്ക് ഇന്ററസ്റ്റ് സബ്‌വെൻഷനായി നാളിതുവരെ 133 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. 1012 സംരംഭകർക്ക് സി.ഡി.എസ് മുഖാന്തിരം വായ്പ അനുവദിച്ചതിനു പുറമേ 1.8 കോടി രൂപ ചെലവിൽ 5015 സംരംഭകർക്ക് ഈ പദ്ധതി പ്രകാരം തൊഴിൽ പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ